# കൃതജ്ഞത

'കുട്ടികളുടെ നാടകവേദി മലയാളത്തിൽ: സമകാലികദർശനം' എന്ന ഈ പ്രബന്ധത്തിൻെറ ഘടനയ്ക്ക് ആരാധ്യഗുരുനാഥൻ ഐവി സാറിൻെറ നിർദ്ദേശങ്ങളാണ് അടിസ്ഥാനം. ഗവേഷണാരംഭം മുതൽ അവസാനം വരെ നിരന്തരമായ പ്രോത്സാഹനവും, പ്രേരണയും മാർഗ്ഗനിർദ്ദേശവും നൽകിയ സാറിന് വിനയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ഗവേഷണത്തിനു ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാൻ സൗമനസ്യം പ്രകടിപ്പിച്ച പ്രൊഫ. ഡി. വിനയചന്ദ്രൻ, ഡോ. വയലാ വാസുദേവൻപിള്ള, വെഞ്ഞാറമ്മൂടു രംഗപ്രഭാതിലെ ശ്രീ. കെ. കൊച്ചുനാരായണ പിള്ള, പ്രൊഫ. ചന്ദ്രദാസൻ, ജി. ശങ്കരപ്പിള്ള സ്മാരക നാടകപഠനകേന്ദ്രത്തിലെ ശ്രീ. ഇ. ടി. വർഗ്ഗീസ്, തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ ശ്രീമതി. അമ്പിളി, രംഗചേതനയിലെ ശ്രീ. കെ. വി. ഗണേഷ്, എന്നിവരോടുള്ള നന്ദി വാക്കുകളിൽ ഒതുക്കാവുന്നതല്ല.

ഈ കാലയളവിൽ മഹാരാജാസ് കോളേജിലെ പ്രിൻസിപ്പൽമാരും അദ്ധ്യാപകരും അനദ്ധ്യാപകരും, പ്രത്യേകിച്ച് മലയാളവിഭാഗം അദ്ധ്യാപകരും നൽകിയ സഹകരണങ്ങൾക്ക് പ്രത്യേകം നന്ദിയുണ്ട്. വകുപ്പു മേധാവികളായിരുന്ന ശങ്കരപ്പിള്ള സർ, ഇന്ദിര ടീച്ചർ, അയ്യപ്പൻ സർ, ഐവി സർ, ധനലക്ഷ്മി ടീച്ചർ, മാർഗ്രറ്റ് ടീച്ചർ എന്നിവരോട് പ്രത്യേകം നന്ദി അറിയിക്കുന്നു.

മഹാരാജാസ് കോളേജ് മലയാളവിഭാഗം, കേരള സാഹിത്യ അക്കാദമി, എറണാകുളം പബ്ലിക് ലൈബ്രറി എന്നീ സ്ഥാപനങ്ങളാണ് ഈ പഠനത്തിനു വേണ്ടി പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഇതിനായി സഹായസഹകരണങ്ങൾ നൽകിയ ജീവനക്കാർക്കും ബാലനാടകങ്ങളുടെ കൈയെഴുത്തുപ്രതികൾ പഠിക്കുവാൻ അവസരം നൽകിയ നാടകപ്രവർത്തകർക്കും പ്രത്യേകം നന്ദി അറിയിച്ചു കൊള്ളുന്നു.

ജിതീഷ് കുമാർ ജെ. പി.